കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടായി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി. 15-1706/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ-dopkd.ksad@kerala.gov.in

ഫോൺ 0491-2520145, തീയതി : 06.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

കോട്ടായി ഗ്രാമ പഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോട്ടായി ഗ്രാമ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം 2018-19 കോട്ടായി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കോട്ടായി ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോട്ടായി ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി. 15-1706/2019 തിയതി: 06.02.2020

<u>പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.11.2018 മുതൽ 17.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-11-2019 മുതൽ 27-11-2019 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ജിജീഷ്.എ.കെ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പി.പ്രീത | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ഹരിദാസൻ | 01-04-2018 മുതൽ 31-03-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മേരി വിജയ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| | | |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രസാദ് .ജെ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മഹേശ്വരി | 01-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീമതി.ശാരദ.എം.കെ | 01-08-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സോനു.എസ്.കുമാർ | 01-04-2018 മുതൽ 21-06-2018 വരെ |
| | ബീന.എസ് | 22-06-2018 മുതൽ 17-03-2019 വരെ |
| | ലീലാവതി | 18-03-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ലീമോഹൻ | 01-04-2018 മുതൽ 08-07-2018 വരെ |
| | ഡോ. ജൂമിത.യു.ജി | 09-07-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. റെജൂല | 01-04-2018 മുതൽ 15-06-2018 വരെ |
| | മഞ്ജൂഷ മുരളി | 16-06-2018 മുതൽ 13-07-2018 വരെ |
| | ഡോ. ഷിജിൻ.കെ.ബി | 14-07-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സി.യു. സജിത്കുമാർ | 01-04-2018 മുതൽ 07-06-2018 വരെ |
| | ഡോ. എം.ഗുരുസ്വാമി | 08-06-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രുമതി.ജയലക്ഷ്മി | 01-04-2018 മുതൽ 04-06-2018 വരെ |
| | ശ്രുമതി. ഗ്രേസ് തച്ചിൽ | 05-06-2018 മുതൽ 13-06-2018 വരെ |
| | ശ്രുമതി. ശ്യാമ. എം.എ | 14-06-2018 മുതൽ 30-08-2018 വരെ |
| | ശ്രുമതി. അഫ്സ എം.എസ് (DEO) | 31-08-2018 മുതൽ 04-10-2018 വരെ |
| | അനൂപ് | 05-10-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം | ശ്രീമതി.എം.ജയ | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശശികുമാർ.എം.എസ് | 01.04.2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 12 | ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ് | 1-12 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-13 |
| 14 | വസ്തുനികുതി-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-15 |
| 16 | ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 17 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 21084 രൂപയുടെ നഷ്ടം | 1-17 |
| 18 | പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 1-18 |
| 19 | ഗാർഹിക കുടിവെള്ള പൈപ്പ് കണക്ഷൻ – അധിക സബ്സിഡി നൽകി. 67512 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-19 |
| 20 | പാലിന് സബ്സിഡി - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി | 1-20 |
| 21 | റിവോൾവിംഗ് ഫണ്ട്- വിനിയോഗിക്കാത്ത തുക നാളിതുവരെയും സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-21 |
| 22 | കുടുംബശ്രീക്ക് ജില്ലാ പഞ്ചായത്ത് പദ്ധതി ഫണ്ടിൽനിന്നും വിവിധ പദ്ധതികൾക്കായി ലഭ്യമായ തുകകൾ ചെലവഴിക്കാത്തത് തിരിച്ചടക്കണം | 1-22 |
| 23 | വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ (എസ്.സി.പി) - | 1-23 |

| | | |
|---|---|---|
| | ഇ-ടെണ്ടർ വിളിക്കാതെ നിർവ്വഹണം നടത്തി | |
| 24 | വയോജനങ്ങൾക്ക് കട്ടിൽ -ടെണ്ടർ കൂടാതെ ആർട്ട്കോയിൽ നിന്ന് വാങ്ങി | 1-24 |
| 25 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -തുക തിരിച്ചടക്കേണ്ടതാണ് | 1-26 |
| 27 | ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളില്ല -തുക തടസ്സപ്പെടുന്നു | 1-27 |
| 28 | ലൈഫ് മിഷൻ അവലോകനം | 1-28 |
| 29 | ഹരിത കർമ്മ സേന – വരവ് ചെലവ് കണക്കുകൾ ആധികാരികമാക്കേണ്ടതാണ് | 1-29 |
| 30 | വെറ്ററിനറി സർജ്ജൻ -പ്രൊജക്ട് നിർവ്വഹണ അവലോകനം | 1-30 |
| 31 | സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-31 |
| 32 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32 |
| 33 | ആശ്രയ പദ്ധതിയിൽ നിന്നും 'അഗതി രഹിത കേരളം' പദ്ധതിയിലേക്ക് മാറ്റിയ തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-33 |
| 34 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-34 |
| 35 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | 1-35 |
| 36 | ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്ത് തിരികെ നൽകേണ്ടതാണ് | 1-36 |
| 37 | സ്പിൽഓവർ പ്രൊജക്റ്റ്-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു | 1-37 |
| 38 | ചെക്ക് മെഷർ ചെയ്ത് ബിൽ തയ്യാറാക്കാതെ പദ്ധതിക്ക് തുക ആവശ്യപ്പെട്ട് റിക്വിസിഷൻ നൽകിയത് നടപടിക്രമങ്ങൾക്ക് വിരുദ്ധം | 1-38 |
| 39 | കുടിവെള്ള പദ്ധതികളിലെ മോട്ടോറിന്റെ കുതിര ശക്തി ശാസ്ത്രീയമായി നിശ്ചയിക്കുന്നതിന് ജല ലഭ്യത ടെസ്റ്റ് (yield test) നടത്തുന്നില്ല | 1-39 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് | |

| | | |
|---|---|---|
| | നിരീക്ഷണങ്ങൾ | |
| | ഒന്നുമില്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപം | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൻമേലുള്ള സാക്ഷ്യപത്രം | അനുബന്ധം.1 |
| 52 | വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | അനുബന്ധം.2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.2019തീയതിയിലെ മൂന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 163994322 രൂപയും ചെലവ് 159552886 രൂപയും നീക്കിയിരിപ്പ്(മുന്നിരിപ്പുൾപ്പെടെ) 8471922 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 4030486 |
| വരവ് | ₹ 88848448 |
| ആകെ | ₹ 92878934 |
| ചെലവ് | ₹ 85778708 |
| നീക്കിയിരിപ്പ് | ₹ 7100226 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 12562000 | 12562000 | 11740685 | 821315 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 16089000 | 16089000 | 13742953 | 2346047 |
| മെയിന്റനൻസ്, റോഡ് | | 0 | 12027000 | 12027000 | 11782060 | 244940 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2780000 | 2780000 | 2769319 | 10681 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 7601893 | 7601893 | 4892836 | 2709057 |
| സാക്ഷരത* | | 223955 | 5574 | 229529 | 229529 | 0 |
| എം.ജി.എൻ ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 31249921 | 31249921 | 31249921 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2850 | 520135 | 522985 | 517646 | 5339 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി.എസ്.സി) | | 93023 | 2258 | 95281 | 73542 | 21739 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി.എസ്.സി)** | | 90042 | 1350000 | 1440042 | 240042 | 1200000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ICDS) | | 1548511 | 686219 | 2234730 | 921585 | 1313145 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (സുചിത്വമിഷൻ) | | 0 | 610804 | 610804 | 0 | 610804 |
| സ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 25000 | 25000 | 21340 | 3660 |

| | | | | | | |
|---|---|---|---|---|---|---|
| (വിമുക്തി) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1580362 | 1580362 | 1351060 | 229302 |
| | ജില്ലാ പഞ്ചായത്ത് | 0 | 2812552 | 2812552 | 2812552 | 0 |
| ബി ഫണ്ട് | | 0 | 1220990 | 1220990 | 1220990 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8793174 | 8793174 | 8793174 | 0 |
| തനത് ഫണ്ട്*** | ബാങ്ക് അക്കൗണ്ട് | 3061470 | 9398580 | 12460050 | 8732786 | 3727264 |
| | ട്രഷറി അക്കൗണ്ട് | 599349 | 8793174 | 9392523 | 6315142 | 3077381 |

* 4-12-2018 ന് അക്കൗണ്ട് ക്ലോസ് ചെയ്ത് തനത് ഫണ്ടിലേക്ക് മാറ്റി.

** ശുചിത്വമിഷൻ തുക തനത് ഫണ്ടിൽ നിക്ഷേപിച്ചത്.

*** ടി.എസ്.സി, ICDS, ശുചിത്വമിഷൻ, വിമുക്തി എന്നീ ഫണ്ടുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചത് ഒഴിവാക്കി കൃത്യമായ തനത് ഫണ്ട് തുകയാണ് ചേർത്തിരിക്കുന്നത്. ട്രഷറി അക്കൗണ്ടിൽ ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 106078620 | 144 | 64667923 | 0 | 58 | 71.29 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 71.29% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60.96 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 9845250 | 5488776 | 55.75 |
| വെറ്ററിനറി സർജൻ | 4 | 4 | 2670000 | 1052000 | 39.40 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 5 | 1122335 | 753513 | 67.14 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 700000 | 700000 | 100.00 |
| വി.ഇ.ഒ | 12 | 10 | 36514626 | 20696354 | 56.68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4329277 | 3622098 | 83.67 |
| സെക്രട്ടറി | 20 | 15 | 4702826 | 2913333 | 61.95 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 89 | 38739080 | 24048970 | 62.08 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 | 100.00 |
| അസി.സെക്രട്ടറി | 9 | 5 | 4326824 | 2637500 | 60.96 |
| എച്ച്.എം | 8 | 4 | 2728402 | 2355379 | 86.33 |
| ആകെ | 202 | 144 | 106078620 | 64667923 | 60.96 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2850 | 520135 | 522985 | 517646 | 5339 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31249921 | 31249921 | 31249921 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 236280 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 7153800 | 610 |
| വിധവാപെൻഷൻ | 12263300 | 234 |
| വാർദ്ധക്യകാലപെൻഷൻ | 17905400 | 1717 |
| വികലാംഗപെൻഷൻ | 3484100 | 302 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ | 1219900 | 114 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019 തീയതി ഉച്ചയ്ക്ക് ശേഷം 2.50 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23993 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ആവശ്യമായ സംഗതിയിൽ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ഇതിനായി സോഫ്റ്റ്‌വേർ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ

എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

മുഴുവൻ ചെലവു തുകകളും ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് ഭാഗം 1ൽ പരാമർശിച്ചിട്ടുണ്ട്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി 90% നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം

കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

Sankya Software 100% successful എന്ന് പറയാനാവില്ല. Bill Registerന് സമാനമായ ഒരു സംവിധാനം Softwareൽ ഇല്ലാത്തതിനാൽ manual രജിസ്റ്റർ സൂക്ഷിക്കേണ്ടി വരുന്നു. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. ചെലവു തുക കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaitionന്റെ പ്രയോജനം ലഭിക്കുന്നില്ല. സഞ്ചയ Property Taxലെ രേഖകൾ തയ്യാറാക്കുന്നത് എളുപ്പമാക്കിയിട്ടുണ്ട്. മറ്റ് വരവിനങ്ങളും കൂടി സാംഖ്യയുമായി ബന്ധിപ്പിക്കണം. സങ്കേതം Softwareൽ Licenced Building Supervisorsന്റെ സഹായത്തോടെ മാത്രമേ പെർമിറ്റ് നേടാനാവുകയുള്ളു.

വിവിധ അപേക്ഷകൾ സമർപ്പിച്ചശേഷം പൊതുജനങ്ങൾക്ക് Online ആയി സർട്ടിഫിക്കറ്റുകൾ Print എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പ്രയോജനകരമാണ്. Property taxന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വേർ കുറ്റമറ്റതാക്കേണ്ടതുണ്ട്. Financial Transactions സാംഖ്യയുമായി ബന്ധിപ്പിച്ച് Online Transaction ബാധകമാക്കണം. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് മാത്രമാണ് Software ഉള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി ഉപയോഗപ്പെടുത്തി ഗ്രാമത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2019 മുതൽ 26.10.2019വരെ | 09/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2006 മുതൽ 23.09.2006 വരെ | 1997-98 മുതൽ 2005-06 വരെ | 06.11.2006 |

# 1-11 പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)<u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | ലക്ഷ്മി ഗാർമെന്റ്സ് | 9 | 13/410, 411 | 1&2 |
| 2 | NICTS | 5 | 10, 616 | 1&2 |
| 3 | വൈക പേപ്പർ പ്രൊഡക്റ്റ്സ് | 3 | 10/676 | 1&2 |
| 4 | ബി&ബി ഇൻഡേൻ സർവീസ് | 3 | 10/571 | 1&2 |
| 5 | ചാമിയാർ ഫ്യുവൽസ് | 8 | 12/303 | 1&2 |
| 6 | സായ് ബിൽഡിങ് മെറ്റീരിയൽസ് | 4 | 12/212 | 1&2 |

ബി)<u>സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

ബി എസ് എൻ എൽ സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-12 ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

എ)<u>ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ</u>

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|

| നം. | | |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

കോട്ടായി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 29.6.19 ലെ 11(1) നം തീരുമാന പ്രകാരം ലൈസൻസ് ഭേദഗതി ചട്ടങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെന്ന് 23.11.19 ലെ ഓഡിറ്റ് അന്വേഷണം 14 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

ബി)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി)പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ- രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അപേക്ഷകന് ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ കോട്ടായി ഗ്രാമ പഞ്ചായത്തിൽ ചട്ട പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.
2.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3.പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ എന്നിവക്കായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു. ഇതിൽ 3 വർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റ് തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 16010 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 1947 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 18250 |
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 25250 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 60969 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2500 |

| | | |
|---|---|---|
| 7 | റോഡ് കട്ടിങ് ഡെപ്പോസിറ്റ് | 800 |
| 8 | മറ്റ് ഡെപ്പോസിറ്റുകൾ | 437963 |
| 9 | ഓക്ഷൻ ഡെപ്പോസിറ്റ് | 5476 |
| 10 | വാട്ടർ ഡെപ്പോസിറ്റ് | 123735 |
| 11 | ലൈബ്രറി ഡെപ്പോസിറ്റ് | 630 |
| 12 | ഹാളുകൾക്കും ഓഡിറ്റോറിയത്തിനും ലഭിച്ച ഡെപ്പോസിറ്റ് | 400 |
| | ആകെ | 6,93,930 |

കാലഹരണ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് 22.11.19 ലെ ഓഡിറ്റ് അന്വേഷണം 11 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 1-14 വസ്തുനികുതി-അപാകതകൾ പരിഹരിക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ 100 ച മീ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ബാധകമായതിലും കുറവായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. വസ്തുനികുതി പുനർനിർണ്ണയിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എ)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/നില | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| സിറാജുദ്ദീൻ. വി.വി<br>വലിയ പറമ്പ്, കോട്ടായി | 4/492 | 12.15 | അടിസ്ഥാനനികുതി-12.15*40=486<br>വർദ്ധനവ്-97.2(20%)<br>ആകെ-584<br>ലൈബ്രറി സെസ്-30<br>ആകെ-614 | അടിസ്ഥാനനികുതി-12.15*60=729<br>വർദ്ധനവ്-145.8(20%)<br>ആകെ-875<br>ലൈബ്രറി സെസ്-44<br>ആകെ-919 | 305 |
| | 4/493 | 12.15 | അടിസ്ഥാനനികുതി-12.15*40=486<br>വർദ്ധനവ്-97.2(20%)<br>ആകെ-584<br>ലൈബ്രറി സെസ്-30<br>ആകെ-614 | അടിസ്ഥാനനികുതി-12.15*60=729<br>വർദ്ധനവ്-145.8(20%)<br>ആകെ-875<br>ലൈബ്രറി സെസ്-44<br>ആകെ-919 | 305 |
| | 4/494 | 13.5 | അടിസ്ഥാനനികുതി-13.5*40=540<br>വർദ്ധനവ്-108(20%)<br>ആകെ-648 | അടിസ്ഥാന നികുതി-13.5*60=810<br>വർദ്ധനവ്-162(20%)<br>ആകെ-972 | 340 |

| | | | | | |
|---|---|---|---|---|---|
| | | | ലൈബ്രറി സെസ്-33<br>ആകെ-681 | ലൈബ്രറി സെസ്-49<br>ആകെ-1021 | |
| | 4/495 | 13.65 | അടിസ്ഥാനനികുതി-13.65*40=546<br>വർദ്ധനവ്-109.2(20%)<br>ആകെ-656<br>ലൈബ്രറി സെസ്-33<br>ആകെ-689 | അടിസ്ഥാന നികുതി-13.65*60=819<br>വർദ്ധനവ്-163.8(20%)<br>ആകെ-983<br>ലൈബ്രറി സെസ്-50<br>ആകെ-1033 | 344 |
| | 4/496 | 13.19 | അടിസ്ഥാനനികുതി-13.19*40=527.6<br>വർദ്ധനവ്-105.52(20%)<br>ആകെ-634<br>ലൈബ്രറി സെസ്-32<br>ആകെ-666 | അടിസ്ഥാനനികുതി-13.19*60=791.4<br>വർദ്ധനവ്-158.28(20%)<br>ആകെ-950<br>ലൈബ്രറി സെസ്-48<br>ആകെ-998 | 332 |
| | 4/497 | 13.65 | അടിസ്ഥാനനികുതി-13.65*40=546<br>വർദ്ധനവ്-109.2(20%)<br>ആകെ-656<br>ലൈബ്രറി സെസ്-33<br>ആകെ-689 | അടിസ്ഥാന നികുതി-13.65*60=819<br>വർദ്ധനവ്-163.8(20%)<br>ആകെ-983<br>ലൈബ്രറി സെസ്-50<br>ആകെ-1033 | 344 |
| | 4/498 | 13.65 | അടിസ്ഥാനനികുതി-13.65*40=546<br>വർദ്ധനവ്-109.2(20%)<br>ആകെ-656<br>ലൈബ്രറി സെസ്-33<br>ആകെ-689 | അടിസ്ഥാന നികുതി-13.65*60=819<br>വർദ്ധനവ്-163.8(20%)<br>ആകെ-983<br>ലൈബ്രറി സെസ്-50<br>ആകെ-1033 | 344 |
| | 4/499 | 23.25 | അടിസ്ഥാനനികുതി-23.25*40=930<br>വർദ്ധനവ്-186(20%)<br>ആകെ-1116<br>ലൈബ്രറി സെസ്-56<br>ആകെ-1172 | അടിസ്ഥാന നികുതി-23.25*60=1395<br>വർദ്ധനവ്-279(20%)<br>ആകെ-1674<br>ലൈബ്രറി സെസ്-84<br>ആകെ-1758 | 586 |
| | 4/500 | 13.5 | അടിസ്ഥാനനികുതി-13.5*40=540<br>വർദ്ധനവ്-108(20%)<br>ആകെ-648<br>ലൈബ്രറി സെസ്-33<br>ആകെ-681 | അടിസ്ഥാന നികുതി-13.5*60=810<br>വർദ്ധനവ്-162(20%)<br>ആകെ-972<br>ലൈബ്രറി സെസ്-49<br>ആകെ-1021 | 340 |
| | 4/501 | 9.75 | അടിസ്ഥാനനികുതി-9.75*40=390<br>വർദ്ധനവ്-78(20%)<br>ആകെ-468<br>ലൈബ്രറി സെസ്-24<br>ആകെ-492 | അടിസ്ഥാന നികുതി-9.75*60=585<br>വർദ്ധനവ്-117(20%)<br>ആകെ-702<br>ലൈബ്രറി സെസ്-36<br>ആകെ-738 | 246 |
| | | | | | 3486 |

ബി)

---

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.)/നില | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| കെ.വി. വിജയൻ<br>കുളങ്ങരപറമ്പ് വീട്<br>കോട്ടായി | 7/480 | 19.05 | അടിസ്ഥാനനികുതി-19.05*40=762<br>വർദ്ധനവ്-152.4(20%)<br>ആകെ-915<br>ലൈബ്രറി സെസ്-46<br>ആകെ-961 | അടിസ്ഥാനനികുതി-19.05*60=1143<br>വർദ്ധനവ്-228.6(20%)<br>ആകെ-1372<br>ലൈബ്രറി സെസ്-69<br>ആകെ-1441 | 480 |
| | 7/481 | 19.05 | അടിസ്ഥാനനികുതി-19.05*40=762<br>വർദ്ധനവ്-152.4(20%)<br>ആകെ-915<br>ലൈബ്രറി സെസ്-46<br>ആകെ-961 | അടിസ്ഥാനനികുതി-19.05*60=1143<br>വർദ്ധനവ്-228.6(20%)<br>ആകെ-1372<br>ലൈബ്രറി സെസ്-69<br>ആകെ-1441 | 480 |
| | 7/482 | 19.8 | അടിസ്ഥാനനികുതി-19.8*40=792<br>വർദ്ധനവ്-158.4(20%)<br>ആകെ-951<br>ലൈബ്രറി സെസ്-48<br>ആകെ-999 | അടിസ്ഥാനനികുതി-19.8*60=1188<br>വർദ്ധനവ്-237.6(20%)<br>ആകെ-1426<br>ലൈബ്രറി സെസ്-72<br>ആകെ-1498 | 499 |
| | 7/483 | 19.8 | അടിസ്ഥാനനികുതി-19.8*40=792<br>വർദ്ധനവ്-158.4(20%)<br>ആകെ-951<br>ലൈബ്രറി സെസ്-48<br>ആകെ-999 | അടിസ്ഥാനനികുതി-19.8*60=1188<br>വർദ്ധനവ്-237.6(20%)<br>ആകെ-1426<br>ലൈബ്രറി സെസ്-72<br>ആകെ-1498 | 499 |
| | 7/484 | 20.55 | അടിസ്ഥാനനികുതി-20.55*40=822<br>വർദ്ധനവ്-164.4(20%)<br>ആകെ-987<br>ലൈബ്രറി സെസ്-50<br>ആകെ-1037 | അടിസ്ഥാനനികുതി-20.55*60=1233<br>വർദ്ധനവ്-246.6(20%)<br>ആകെ-1480<br>ലൈബ്രറി സെസ്-74<br>ആകെ-1554 | 517 |
| | 7/485 | 23.28 | അടിസ്ഥാനനികുതി-23.28*40=931.2<br>വർദ്ധനവ്-186.24(20%)<br>ആകെ-1118<br>ലൈബ്രറി സെസ്-56<br>ആകെ-1174 | അടിസ്ഥാനനികുതി-23.28*60=1396.8<br>വർദ്ധനവ്-279.36(20%)<br>ആകെ-1677<br>ലൈബ്രറി സെസ്-84<br>ആകെ-1761 | 587 |
| | | | ആകെ കുറവ് | | 3062 |

2)<u>സേവന ഉപനികുതിയുടെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം,

ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

എ) വസ്തു നികുതി- കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതികുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | തൻവർഷ കുടിശ്ശിക | 97,377/- |
| 2 | മുൻവർഷങ്ങളിലെ കുടിശ്ശിക | 49,927/- |
| | ആകെ | 1,47,304/- |

പി ഡബ്ല്യ ഡി ഗസ്റ്റ് ഹൗസ് പുതുതായി ഡിമാന്റിൽ ഉൾപ്പെടുത്തിയതുമൂലമാണ് കുടിശ്ശിക തുക നില നിൽക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണം 12(22.11.19) ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി)ബി എസ് എൻ എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായി നില നിൽക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം. | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 1/197 | ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ, പാലക്കാട് | 2009-10 | 4284 | 9955 |

# 1-15 രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

എ)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളുൾപ്പെടെയുള്ള എല്ലാ രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്

കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ കോട്ടായി ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

8955, 8593(അസിസ്റ്റന്റ് എഞ്ചിനീയർ)

8597(ഐ സി ഡി എസ് സൂപ്പർവൈസർ)

8596(വെറ്ററിനറി സർജിയൻ)

41357, 8590,8594(പഞ്ചായത്ത്)

ബി)റദ്ദ് ചെയ്യുന്ന രശീതികൾ സെക്രട്ടറി കാരണമെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്

റദ്ദ് ചെയ്യുന്ന എല്ലാ സാംഖ്യ രശീതികളും മാന്വൽ രശീതികളും സെക്രട്ടറി കാരണമെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പല രശീതികളിലും ഇതു പാലിച്ച് കാണുന്നില്ല.

25/8590

61/41360

സി)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകൾ സാമ്പത്തിക വർഷം കഴിയുമ്പോൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ദുരുപയോഗം തടയുന്നതിനായി സാമ്പത്തിക വർഷം കഴിയുമ്പോൾ റദ്ദ് ചെയ്യേണ്ടതും രശീതിബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-16 ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. കോട്ടായി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 നു മുമ്പ് യോഗം കൂടിയിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർക്കുകയോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 21084 രൂപയുടെ നഷ്ടം

2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ

ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 21084രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1 (182kg/barrel) | rs1 (200kg/barrel) | s-65/vg30 (162kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (in kg) | കാലി ബാരലുകളുടെ എണ്ണം | ആകെ | ഈടാക്കേണ്ട ബാരൽ വില @281/- (238+ 18% GST) |
|---|---|---|---|---|---|---|---|
| 1 | 157/19-(9/18) വാനിക്കര റോഡ് മെയിന്റെനൻസ് | ശ്രീ അബ്ദുൾ റഹിമാൻ | 305906 ബിൽനം. 10/18-19 തിയതി. 25.06.18 | Rs1= 237.60<br>vg30= 2578.94 | 1.19<br>15.93 | 17.12 | 4811 |
| 2 | 71/19-കരിയാംകോട് കമ്പക്കുടം റോഡ് റീടാറിംഗ് | ശ്രീ അബ്ദുൾ റഹിമാൻ | 490000 ബിൽനം. 73/18-19 തിയതി 13.03.19 | Vg30=2740.90<br>rs1= 272.67 | 16.91<br>1.36 | 18.27 | 5134 |
| 3 | 72/19-കണിയാട്ടു പറമ്പ് റോഡ് റീടാറിംഗ് | ശ്രീ അബ്ദുൾ റഹിമാൻ | 490000 ബിൽനം. 74/18-19 തിയതി 13.03.19 | Vg30=2284.01<br>rs1= 213.60 | 14.09<br>1.06 | 15.15 | 4257 |
| 4 | 109/19 മേലേവീട് റോഡ് മെറ്റലിംങ്& ടാറിംഗ് | ശ്രീ. വി.ആർ. രമേഷ് | 142745 ബിൽനം. 79/18-19 തിയതി 19.03.19 | Ss1= 207.47<br>rs1= 54.92<br>vg30=515.02 | 1.13<br>0.27<br>3.18 | 4.58 | 1287 |
| 5 | 92/19-പുളിനെല്ലി-കോതമംഗലം തൊടി റോഡ് റീടാറിംങ് | ശ്രീ വി.ആർ രമേഷ് | 495000 ബിൽനം. 68/18-19 തിയതി 04.02.19 | Vg30=1735.25<br>rs1= 166.38 | 10.70<br>0.83 | 11.53 | 3240 |
| 6 | 110/19-ഗ്രാമക്കുളം റോഡ് മെറ്റലിംങ്, ടാറിംഗ് | ശ്രീ. ഗോപീദാസൻ | 332906 ബിൽനം. 78/18-19 തിയതി 14.03.19 | Ss1=267.54<br>rs1= 70.82<br>vg30=664.12 | 1.47<br>2.82<br>4.09 | 8.38 | 2355 |
| | ആകെ | | | | | 75.03 | 21084 |

തുക കരാറുകാരിൽ നിന്ന് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-18 പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ അംഗീകാരം വാങ്ങിയതും തുടർന്ന് സ്പിൽ ഓവറായി 2018-19 വർഷം ഫൈനൽ ബിൽ നൽകിയതുമായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ എഗ്രിമെന്റ് ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ (PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ (PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി കരാറുകാർ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ദീർഘിപ്പിക്കലിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പിഴ സംബന്ധിച്ച് പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനുപകരം കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ ചമച്ചത്. ആകയാൽ എഗ്രിമെന്റിലെ നിബന്ധന 7 അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | (190/17) കമ്മ്യൂണിറ്റിഹാൾ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും<br>കരാറുകാരൻ : ബിജു.എം<br>എഗ്രിമെന്റ് നം.57/16-17/ AE/LSGD/kty/10-03-17<br>പ്രവൃത്തിയുടെ കാലാവധി : 21 ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 10-03-17 | 175000 | 1-04-2017 മുതൽ<br>4-4-2017 വരെ<br>ഗ്രേസ് പീരീഡ്<br>5-04-2017 മുതൽ<br>18-10-2017 വരെ<br>(197 ദിവസം)<br>5-04-2017 മുതൽ | 5911<br>175000x1/100=1750 | 0 | 5911 |

| | | | | | | |
|---|---|---|---|---|---|---|
| | പൂർത്തീകരിച്ച തീയതി: 19-10-17<br>1)ബിൽ നം. 32/18-19 തീയതി :25/9/18<br>തുക 123400-<br>2)ചെക്ക് നം.1852973 തിയതി.22-09-2018 തുക51600 | | 3-7-2017 വരെ<br>4-07-2017 മുതൽ<br>1-10-2017 വരെ<br>2-10-2017 മുതൽ<br>18-10-2017 വരെ | 175000x2/100=3500<br>175000x2/100 x17/90=661 | | |
| 2 | 175/19(so217/18) കുന്നം പറമ്പ് എസ്.സി.കോളനി റോഡ് ഫോർമേഷൻ<br>കരാറുകാരൻ : അബ്ദുൾ റഹിമാൻ<br>എഗ്രിമെന്റ് നം.105/17-18/ AE/LSGD/kty/20-12-17<br>പ്രവൃത്തിയുടെ കാലാവധി : 101 ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 20-12-17<br>പൂർത്തീകരിച്ച തീയതി: 25-6-18<br>ബിൽ നം. 43/18-19 തീയതി :7/11/18<br>തുക 250000- | 250000 | 1-04-2017 മുതൽ<br>20-04-2017 വരെ ഗ്രേസ് പീരീഡ് 21-04-2017 മുതൽ<br>24-06-2018 വരെ<br>(65 ദിവസം) 250000x1/100 x65/90=1805 | 1805 | 0 | 1805 |
| | | | ആകെ | | | 7716 |

കരാർ ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ചുമത്തുന്ന രീതി പഴയ പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്നതിന് പകരമായി പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന തരത്തിലായിരുന്നു കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യേണ്ടിയിരുന്നത്. പുതുക്കിയ മാന്വലിൽ അനുശാസിക്കുന്ന വിധത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിനും, ദീർഘീകരണത്തിന് യഥാവിധി പിഴ ചുമത്താതിരുന്നതിനും വിശദീകരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും മേൽപ്രകാരം പിഴ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-19 ഗാർഹിക കുടിവെള്ള പൈപ്പ് കണക്ഷൻ – അധിക സബ്സിഡി നൽകി. 67512 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

പ്രൊജക്ട് നമ്പർ- 181/19 (so248/18)കുടിവെള്ള ഗാർഹിക കണക്ഷൻ (പൊതു വിഭാഗം)

അടങ്കൽ- 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 95512

ബിൽ നമ്പർ - 25/25.6.18 – 95512

എഗ്രിമെന്റ് നം.98/17-18 തിയതി 24.11.2017

നിർവഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

കോൺട്രാക്റ്റർ- കൃഷ്ണദാസൻ

2017-18 സാമ്പത്തിക വർഷത്തിൽ അംഗീകാരംവാങ്ങി കരാർ വച്ചശേഷം സ്പിൽ ഓവർ ആയ മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 14 കുടുംബങ്ങൾക്ക് കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി മാർഗരേഖ G.O.(MS) 80/17/3.4.2017 പ്രകാരം വാട്ടർ അതോറിറ്റിയിൽ/ജലനിധിയിൽ നിന്നും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി അനുവദിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

വാർഷികവരുമാനം പൊതു വിഭാഗം 1 ലക്ഷം പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗം 2 ലക്ഷം രൂപയിൽ താഴെ വരുമാനം ഉള്ളവർക്ക് മാത്രം.

വാട്ടർ അതോറിറ്റിയിൽ /ജലനിധിയിൽ നിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ്ലൈനിൽ നിന്നായിരിക്കണം കുടിവെള്ള കണക്ഷൻ നൽകേണ്ടത്. കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്.

കരാറുകാർക്കോ ഗുണഭോക്തൃസമിതിക്കോ തുക നൽകാവുന്നതല്ല.

എന്നാൽ മേൽവ്യവസ്ഥ പാലിക്കാതെ നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി ടെണ്ടർ ചെയ്ത് ഒരു ഗുണഭോക്താവിന് 6822.32 രൂപ പ്രകാരം 14 ഗുണഭോക്താക്കൾക്ക് ആകെ 95512/- രൂപ കരാറുകാരന്റെ പേരിൽ നൽകി കാണുന്നു. ഗുണഭോക്താക്കൾക്ക് കണക്ഷൻ ലഭ്യമായശേഷം നേരിട്ട് സബ്സിഡി അനുവദിക്കുന്നതിന് പകരം പ്രവർത്തിയുടെ 100% തുകയും (സബ്സിഡി പരിധി കണക്കാക്കാതെ) കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8-5(കുടിവെള്ളം) പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് കണക്ഷൻ എടുക്കുന്നതിന് 5000/- രൂപയും തദ്ദേശഭരണ സ്ഥാപനം പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്നതിന് 2000/- രൂപയുമാണ് അനുവദിച്ചിട്ടുള്ള പരമാവധി സബ്സിഡി. ഇവിടെ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതും നിലവിൽ പൂർണ്ണമായും പഞ്ചായത്ത് പരിപാലിക്കുന്നതുമായ മുട്ടിക്കടവ് കുടിവെള്ള പദ്ധതിയിൽ നിന്നുമാണ് 14 ഗുണഭോക്താക്കൾക്കും കണക്ഷൻ നൽകിയിട്ടുള്ളത്. ആകയാൽ 2000/- രൂപ തോതിൽ 14 ഗുണഭോക്താക്കൾക്കായി ആകെ 28000/- രൂപയാണ് അനുവദിക്കാവുന്ന പരിധി. എന്നാൽ 14 ഗുണഭോക്താക്കൾക്കായി 95512/- രൂപ നൽകിയിട്ടുള്ളതിനാൽ 67512 രൂപ (95512-28000) അധിക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി ലഭിച്ച 14 പേരും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആണെന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ ഇല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം4 തിയതി 25-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ സബ്സിഡി ഇനത്തിൽ അധികം നൽകിയ 67512 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ അല്ലാത്തപക്ഷം നിർവഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കും വരെ 28000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 പാലിന് സബ്സിഡി - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

31.01.2018 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണം) യോഗ മിനിട്സ് പ്രകാരം 415000 രൂപ വകയിരുത്തുന്നിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.03.2018 ലെ യോഗ മിനിട്സ് പ്രകാരം 500000 രൂപ വകയിരുത്തുന്നതിന് ശുപാർശ ചെയ്തു. എന്നാൽ 27.04.2018ന് ചേർന്ന ഭരണസമിതി യോഗത്തിൽ 400000 രൂപ വകയിരുത്തി അംഗീകരിക്കുകയും പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതി അംഗീകരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 224/19 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | ₹ 400000/- (300000/-Plan Fund, 100000/- DP share | ₹ 400000/- {296948 (1/24-12-18, 2/24-12-18-3052) 2623776/25-03-19- 100000 } |

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പാൽ ശേഖരിക്കുന്ന ക്ഷീരസംഘത്തിന്റെ പേര്-

1) കോട്ടായി ക്ഷിരവ്യവസായ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -167

2) കണ്ണച്ചിപ്പറമ്പ് ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം- 167

3) ചെറുകുളം ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -189 (ആകെ 523 ഗുണഭോക്താക്കൾ)

സബ്സിഡി മാർഗ്ഗരേഖ {സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018} പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 3 രൂപ നിരക്കിൽ 3 (04/2018 മുതൽ 06/2016 വരെ) മാസത്തേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ആയതിൽ തന്നെ ജൂൺ മാസത്തിൽ ക്ഷീരകർഷകർക്ക് നൽകിയ സബ്സിഡി 47 പൈസ വീതം മാത്രമാണ്. 2018 ജൂലൈ മുതൽ മാർച്ച് 2019 വരെയുള്ള പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല.

കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കിയില്ല.

മേൽ പറഞ്ഞവയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം (5/21-11-2019) നൽകിയതിന് മറുപടിയായി ഗ്രാമ പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകർക്കും തുല്യമായി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന രീതിയിലാണ് തുക വിതരണം ചെയ്തത് എന്നും, ക്ഷീരമേഖലയ്ക്ക് വളരെ പ്രാധാന്യമുള്ള കോട്ടായി ഗ്രാമ പഞ്ചായത്തിൽ പദ്ധതി വിഹിതം 18 ലക്ഷം രൂപ വകയിരുത്തിയാൽ മാത്രമെ കർഷകന് കൂടുതൽ മാസങ്ങൾക്ക് അളന്ന പാലിന് പരമാവധി സബ്സിഡി അനുവദിക്കാൻ കഴിയുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. ആകയാൽ ക്ഷീരമേഖലയ്ക്ക് കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 റിവോൾവിംഗ് ഫണ്ട്- വിനിയോഗിക്കാത്ത തുക നാളിതുവരെയും സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല

കുടുംബശ്രീയുടെ കാഷ് ബുക്ക്, മറ്റ് അനുബന്ധ രേഖകൾ പരിശോധിച്ചതിൽ 2006-07 വരെ പദ്ധതി വിഹിതം വകയിരുത്തി 'റിവോൾവിംഗ് ഫണ്ട്' എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ പ്ലാൻ ഫണ്ട് തുകയിൽ ബാക്കിയുള്ള 187385രൂപ ചെലവഴിക്കാതെ CDS അക്കൗണ്ടിൽ (Account No.4185, Service Co-op Bank, Kottayi) സൂക്ഷിച്ചിരിക്കുന്നു. ആയത് നാളിതുവരെയും വിനിയോഗിക്കുകയോ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/22-11-2019) ഉടൻ തിരിച്ചടക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 കുടുംബശ്രീക്ക് ജില്ലാ പഞ്ചായത്ത് പദ്ധതി ഫണ്ടിൽനിന്നും വിവിധ പദ്ധതികൾക്കായി ലഭ്യമായ തുകകൾ ചെലവഴിക്കാത്തത് തിരിച്ചടക്കണം

2005-06, 2006-07, 2007-08 വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിൽനിന്നും ഭവന നിർമ്മാണം, ലക്ഷം വീട് ഒറ്റവീടാക്കൽ, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച മുഴുവൻ തുകകളും ചെലവഴിക്കാതെ ബാക്കി തുക കുടുംബശ്രീയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (Account No.4185, Service Co-op Bank, Kottayi) സൂക്ഷിച്ചിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും, നമ്പരും | ലഭ്യമായ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുക (₹) |
|---|---|---|---|
| ഭവന നിർമ്മാണം (272/07, 278/07, 216/08, 217/08) | 800000 | 485000 | 315000 |
| ക്ഷം വീട് ഒറ്റവീടാക്കൽ (28/08) | 450000 | 430000 | 20000 |
| ഭവന നിർമ്മാണത്തിന് സ്ഥം വാങ്ങൽ (168/06, 104/07, 270/07 271/07, 595/07,) | 630000 | 493500 | 136500 |
| ആകെ | 1880000 | 1408500 | 471500 |

ചെലവഴിക്കാതെ കിടക്കുന്ന തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (6/22-11-2019) മറുപടിയായി ചെലവഴിക്കാത്ത തുക തിരികെ ട്രഷറിയിൽ അടവാക്കുന്നതാണെന്ന് അറിയിക്കുകയും ആയത് ട്രഷറിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചലാൻ നം. & തീയതി | തുക |
|---|---|
| KL010836391201920M/26.11.2019 | 136500 |
| KL010836953201920M/26.11.2019 | 20000 |
| KL010835419201920M/26.11.2019 | 315000 |
| ആകെ | 471500 |

## 1-23 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ (എസ്.സി.പി) - ഇ-ടെണ്ടർ വിളിക്കാതെ നിർവ്വഹണം നടത്തി

പ്രൊജക്ട് നമ്പർ - 73/19

പ്രൊജക്ട് - വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ (എസ്.സി.പി)

അടങ്കൽ -800000

ചെലവ് - 799379

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വരോട്.

സ.ഉ (എം.എസ്)നം 22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത മാർഗരേഖയിൽ 500000/-രൂപയിൽ

താഴെയുള്ള വാങ്ങലുകൾ മാത്രമേ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്. സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ (എസ്.സി) എന്ന പദ്ധതിയിൽ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും 160 സ്റ്റീൽ മേശയും കസേരയും നേരിട്ടാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനം |
|---|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ (എസ്.സി) -73 | 800000 | 799379 | 3/18-19 dt 29.10.18 | 41/29.8.18 Rs 181248 | 160 കസേര |
| | | | | 60/16.10.18 Rs 618131 | 160 മേശ |

ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും,സാമ്പത്തിക ലാഭവും ഇല്ലാതായി. പ്രൊജക്ട് നിർവ്വഹണം നടത്തുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 16/23.11.19)

# 1-24 വയോജനങ്ങൾക്ക് കട്ടിൽ -ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്ന് വാങ്ങി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിന് 2018-19 ൽ താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| പ്രൊജക്ട് | ബിൽ നമ്പർ | അടങ്കൽ | ഇൻവോയ്സ് നമ്പർ | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|---|
| വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 2/18-19 dt 26.9.18 | 310000 | 10/30.8.18 | 71 | 3685 | 261635 |
| | | | | | CGST | 23547 |
| | | | | | SGST | 23547 |
| | | | | | Total | 308729.00 |
| വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി.പി) | 3/18-19 dt 26.9.18 | 500000 | 16/13.9.18 | 113 | 3686 | 416518.00 |
| | | | | | CGST | 37486.60 |
| | | | | | SGST | 37486.60 |
| | | | | | Total | 491491.00 |
| | | | | | Total | 800220.00 |

കട്ടിലുകൾ വാങ്ങിയിട്ടുള്ളത് ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്നാണ്. GO(Rt)no 60/2017/SPD dt 20.10.2017, GO(Rt)no 41/2018/SPD dt 3.10.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ (കട്ടിലിന്റെ സ്പെസിഫിക്കേഷൻ - നീളം 1.98 mtr വീതി 90cm,front leg 60 cm L,back leg 50 cm L,Top 8 mm plywood) ഉൾപ്പെടുന്നില്ല. അതിൽ ഉൾപെടാത്ത ഇനങ്ങൾക്ക് ടെണ്ടർ വിളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരം ഒരു വർഷത്തേക്കുള്ള സാധനങ്ങളും സേവനങ്ങളുടെയും വാർഷിക ആവശ്യകത മുൻനിർത്തി വാങ്ങൽ പദ്ധതി തയ്യാറാക്കേണ്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലയാണ്. ഒരേ തരത്തിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ഥ പ്രൊജക്ടുകൾ തയ്യാറാക്കി വാങ്ങലുകൾ നടത്തിയത് പ്രസ്തുത മാർഗ രേഖയുടെ ലംഘനമാണ്. രണ്ട് പദ്ധതികൾക്കും ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിനുശേഷം ഇ-ടെണ്ടർ നടത്തിയിരുന്നുവെങ്കിൽ ടെണ്ടർ മൽസരാധിഷ്ഠിതമാക്കാമായിരുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/20.11.19) നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം നൽകിയില്ല.

# 1-25 ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ -37/19

പ്രൊജക്ട് -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ -756402 (പദ്ധതി വിഹിതം-706402 ജില്ലാ പഞ്ചായത്ത് -50000)

ചെലവ്- 756000 (പദ്ധതി വിഹിതം-706000 ജില്ലാ പഞ്ചായത്ത് -50000)

നിർവ്വഹണ ഉദ്യോഗസ്ഥൻ- എച്ച്.എം, ജി എൽ പി എസ്, വരോട്
ബിൽ നമ്പർ 4/14.2.2019-706000

ചെക്ക് നമ്പർ-2300521/28.3.19-50000

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ട് പ്രകാരം 50000 രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലഭിച്ചത് ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (16/23.11.19) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി -തുക തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് -ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി)

പ്രൊജക്ട് നമ്പർ-54

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ
അടങ്കൽ -2800000

ചെലവ്- 2150000

ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി) എന്ന പ്രൊജക്ടിന് ബിൽ നമ്പർ 10/18-19 dt 18.8.18 പ്രകാരം 160000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 40000 രൂപ ശ്രീമതി.കൃഷ്ണകുമാരി w/o ചന്ദ്രൻ,പുല്ലാനിപറമ്പിൽ, വരോട് .കോട്ടായി എന്നവരുടെ അക്കൗണ്ടിലേക്ക് (44572200049582) അഡ്വാൻസ് തുകയായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/22.11.19)കൈപ്പറ്റിയ തുക തിരിച്ചടക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-27 ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം

# ചെയ്തതിന്റെയും രേഖകളില്ല -തുക തടസ്സപ്പെടുന്നു

നിർവഹണം-ഹെഡ് മാസ്റ്റർ (ജി എൽ പി എസ് വരോട്)

പ്രൊജക്ട് - സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ

പ്രൊജക്ട് നം-92/19

ട്രഷറി ബിൽ നം.2/27.9.18, തുക-100000

സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ എന്ന പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ -35/25.9.18

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| HW Desk with shelf length:4 feet<br>Debth: 1 feet<br>Height: 70 cm | 11 | 3950 | 43450 |
| HW baby bench with back rest<br>4 feet 1 1/4 feet<br>Height 40 cm | 11 | 3500 | 38500 |
| Steel cushion chair | 1 | 2795 | 2795 |
| Tax | | | 15254.1 |
| Total | | | 100000 |

പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (16/23.11.19) നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 100000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-28 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ

- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 12 ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കോട്ടായി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 76 ഉം എസ്.സി വിഭാഗത്തിൽ 5ഉം ഗുണഭോക്താക്കളാണുള്ളത്. ആയതിൽ ആകെ 80 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (53/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| പ്ലാൻ ഫണ്ട് | 2512400 | 2512400 |
| ബ്ലോക്ക് പഞ്ചായത്ത് | 300848 | 251892 |
| ജില്ലാ പഞ്ചായത്ത് | 638652 | 638652 |
| മറ്റിനം(വായ്പ്പ) | 26548100 | 13057056 |
| ആകെ | 30000000 | 16460000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 75 | 40000 | 3000000 |
| II | 74 | 160000 | 11840000 |
| III | 21 | 60000 | 1260000 |
| IV | 9 | 40000 | 360000 |
| ആകെ | | | 16460000 |

ജനറൽ വിഭാഗത്തിലെ 75 പേരിൽ ആരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 54/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2693576 | 2150000 |
| ബ്ലോക്ക് പഞ്ചായത്ത് | 106424 | - |
| ജില്ലാ പഞ്ചായത്ത് | - | - |
| ആകെ | 2800000 | 2150000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 5 | 40000 | 200000 |
| II | 4 | 160000 | 640000 |
| III | 4 | 100000 | 400000 |
| IV | 4 | 50000 | 200000 |
| V | 2 | 50000 | 100000 |
| ആകെ | | | 1540000 |

ബാക്കിയുള്ള 610000 രൂപ ലൈഫ് ഒന്നാംഘട്ടം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ആകെയുള്ള 5 ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ മാത്രമാണ് മുഴവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 13057056 രൂപ ഹഡ്‌കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റെ SBI യുടെ കോട്ടായി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ മുഴുവൻ തുകയും ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 ഹരിത കർമ്മ സേന – വരവ് ചെലവ് കണക്കുകൾ ആധികാരികമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -57/19

പ്രൊജക്ട് -ഹരിതകർമ്മ സേന എം.സി.എഫ് നടത്തിപ്പ്

അടങ്കൽ - 804400

ചെലവ് - 92688

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുക കൈമാറുന്നതിനും എം.സി.എഫ് പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി തുക നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്.

ഭരണസമിതിയുടെ 30.8.18 യോഗത്തിലെ 10/1 തീരുമാനപ്രകാരം ഹരിതകർമ്മസേന മാലിന്യ ശേഖരണത്തിന് വീടുകൾക്ക് 40 രൂപയും കടകൾക്ക് 50 രൂപയും നിശ്ചയിച്ച് തീരുമാനമെടുത്തിട്ടുണ്ട്. ആയതിനു വേണ്ടി സിൻഡിക്കേറ്റ് ബാങ്ക് കോട്ടായി ശാഖയിൽ " ഹരിതകർമ്മസേന, കോട്ടായി ഗ്രാമപഞ്ചായത്ത് എന്ന പേരിൽ 21.3.19 ന് അക്കൗണ്ട് തുടങ്ങിയിട്ടുമുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി 2018-19 ൽ ബിൽ നമ്പർ 45/18-19 തീയ്യതി 28.3.19 പ്രകാരം 92688 രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്തിലെ 12വാർഡുകളിലെ പ്രവർത്തനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനു വേണ്ടി 30 രസീതി ബുക്ക്

അച്ചടിച്ച വകയിൽ 2250 രൂപ ശ്രീലക്ഷ്മി പ്രിന്റേഴ്സ്, കോട്ടായി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ / രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല, ആയത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കളക്ഷനവേണ്ടി ഉപയോഗിക്കുന്ന നിശ്ചിത മാതൃകയിലുള്ള രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ.

2. രസീതി മുഖേന പിരിക്കുന്ന തുകകൾ രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്റർ.

3. ചെലവുകളുടെ വൗച്ചറുകൾ.

4.ക്യാഷ്ബുക്ക്

മേൽ രേഖകൾ / രജിസ്റ്ററുകൾ എല്ലാം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 വെറ്ററിനറി സർജൻ -പ്രൊജക്ട് നിർവ്വഹണ അവലോകനം

1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രൊജക്ട് - തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിക്ക് വിഹിതം-എബിസി പ്രോഗ്രാം(213/19)

അടങ്കൽ - 350000- രൂപ (പദ്ധതി വിഹിതം)

ചെലവ് - 350000- രൂപ (ബിൽ നം.1/18-19/27.7.18 )

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 350000 രൂപ സെക്രട്ടറി , ജില്ലാ പഞ്ചായത്തിന് ( അക്കൗണ്ട് - 799011400002200) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. (എൻക്വയറി നമ്പർ 9/22.11.19) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

2) പശു വളർത്തൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പശു വളർത്തൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് (ബിൽ നമ്പർ) | തുക |
|---|---|---|---|
| പശു വളർത്തൽ (ജനറൽ) വനിത | 720000 (പദ്ധതി വിഹിതം-350000<br>തനത് -10000<br>വായ്പ-360000) | 3/18-19 dt 24.1.19 | 200000 |
| | | 6/18-19 dt 4.2.19 | 80000 |
| | | 7/18-19 dt 21.2.19 | 70000 |
| പശു വളർത്തൽ (എസ്.സി) വനിത | 1480000 (പദ്ധതി വിഹിതം SCP-1110000<br>വായ്പ-370000) | 4/18-19 dt 21.1.19 | 210000 |
| | | 5/18-19 dt 4.2.19 | 90000 |

പശു വളർത്തൽ (ജനറൽ) വനിത എന്ന പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള 18 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പശു വളർത്തൽ (എസ്.സി) വനിത എന്ന പ്രൊജക്ടിൽ 37 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ തുക വകയിരുത്തിയെങ്കിലും 10 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/22.11.19) പശു വളർത്തൽ (എസ്.സി) വനിതയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ

പാലിക്കാൻ തയ്യാറാകാത്തതു കൊണ്ടാണ് 27 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ കഴിയാതിരുന്നതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും 3 വർഷം വളർത്തുമെന്ന് നിബന്ധന വെച്ചിട്ടില്ല.

പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 151/2019, പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5,50,000/- (പ്ലാൻ ഫണ്ട് -ജനറൽ) | 534195/- |

ചെലവ് വിവരങ്ങൾ

| ബിൽ നം | തിയ്യതി | തുക |
|---|---|---|
| 1/18-19 | 24.07.2018 | 109250 |
| 2/18-19 | 14.09.2018 | 85070 |
| 3/18-19 | 25.10.2018 | 26750 |
| 5/18-19 | 17.12.2018 | 67483 |
| 7/18-19 | 16.2.2019 | 100249 |
| 10/18-19 | 8.3.2019 | 83061 |
| 15/18-19 | 28.03.2019 | 62332 |

രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 5 തവണയാണ് (6.4.18,8.5.18,10.8.18,24.1.19,2.3.19) യോഗം ചേർന്നിട്ടുള്ളത്.

2.പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകനയോഗങ്ങൾ (Review Meeting) കൂടേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം നവമ്പർ, ഡിസംബർ മാസങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല.

3.മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

4.പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ ചെലവുകളുടെ ആധികാരികത വിലയിരുത്താൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 03/20.11.2019 ന് 2019 ഏപ്രിൽ മുതലാണ് ലോഗ് ബുക്ക് എഴുതി തുടങ്ങിയതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പി.എം.സി, പി.ഐ.സി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

2. പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ കൃത്യമായ രേഖപെടുത്തലുകൾ വരുത്തി സാക്ഷ്യപെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
